പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3041 **29-10-2026-ൽ മറുപടിയ്ക്ക്**

എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് നിയമനാംഗീകാരം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സിറിയക് തോമസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) എയ്ഡഡ് സ്കൂളുകളിൽ 2022-23 അധ്യയന വർഷം മുതൽ ജോലി ചെയ്തുവരുന്ന ഏകദേശം 1,600 അധ്യാപകർക്ക് ഇതുവരെ നിയമനാംഗീകാരം ലഭിക്കാത്തതും ശമ്പളമില്ലാതെ ജോലി ചെയ്തു വരുന്നതുമായ സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ് -11, KER അധ്യായം XIV A ചട്ടം 1, 7, 8 എന്നിവ പ്രകാരം, എയ്ഡഡ് സ്കൂളിലെ നിയമനം സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ബന്ധപ്പെട്ട സ്കൂൾ മാനേജർ ആണ് നടത്തുന്നത്. ഇപ്രകാരം നടത്തപ്പെടുന്ന നിയമനങ്ങൾ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നത്, KER അധ്യായം XIV A ചട്ടം 8 (2), 8 (3) പ്രകാരം അതാത് വിദ്യാഭ്യാസ ആഫീസർമാർ ആണ്. വിദ്യാഭ്യാസ ആഫീസുകളിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര അപേക്ഷകളിൽ അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം KER അധ്യായം XIV A ചട്ടം 8 (2) പ്രകാരം വിദ്യാഭ്യാസ ആഫീസർമാർ തീരുമാനം എടുക്കേണ്ടതാണ്.

ഭിന്നശേഷി സംവരണം പാലിക്കാത്തത്, അധിക തസ്തികയിൽ 1 : 1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കാൻ തയാറാവാത്തത്, മതിയായ വിദ്യാഭ്യാസ യോഗ്യതയില്ലാതെ നിയമിക്കുന്നത്, വ്യവസ്ഥാപിത തസ്തികയില്ലാതെ നിയമിക്കുന്നത്, സീനിയർ നിയമിതരുടെ അവകാശം പാലിക്കാത്തത്, കെ-ടെറ്റ് യോഗ്യതയില്ലാത്തത് മുതലായവയാണ് എയ്ഡഡ് മേഖലയിൽ നിയമന അംഗീകാരം ലഭിക്കാതെ വരുന്നതിനുള്ള പൊതു കാരണങ്ങൾ.

2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധിക തസ്തികയിലെ ഒഴിവുകളിൽ ചട്ടം പാലിക്കാതെ നിയമിക്കപ്പെട്ടവർക്ക് ഒരു പരിഹാരം എന്ന നിലയിൽ GO(P) 04/2021/GEDN തീയതി 06.02.2021 പ്രകാരം നിയമന തീയതി മുതൽ നോഷണൽ ആയും 06.02.2021 മുതൽ ശമ്പളത്തോടെയും അംഗീകാരം നൽകുന്നതിന് അനുമതി നൽകിയിരുന്നു. എയ്ഡഡ് സ്കൂളുകളിൽ 2022-23 വർഷം മുതൽ അധിക തസ്തികയിൽ നിയമനം ലഭിച്ച അധ്യാപകർക്ക് അംഗീകാരം ലഭിക്കാത്തതിന്റെ പ്രധാന കാരണം, അധിക തസ്തികകളിലെ നിയമനം അംഗീകരിക്കുന്നതിനു KER ചട്ടങ്ങൾ പ്രകാരം 1 : 1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണം എന്ന വ്യവസ്ഥ പാലിക്കാത്തതും ഭിന്നശേഷി നിയമനം നടത്താത്തതും ആണ്.

മേൽ പരാമർശിച്ച കാരണങ്ങളാൽ നിയമനം തടസ്സപ്പെട്ടിരിക്കുന്നവർക്ക് പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ചെങ്കിൽ മാത്രമേ നിയമനാംഗീകാരം ലഭിക്കുകയുള്ളൂ . ചട്ടപ്രകാരം തടസ്സങ്ങളില്ലാത്ത നിയമനങ്ങൾക്ക് വിദ്യാഭ്യാസ ആഫീസർമാർ അംഗീകാരം നൽകുന്നുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്

(ബി) എങ്കിൽ ഇവർക്ക് അടിയന്തരമായി നിയമനാംഗീകാരം നൽകുന്നതിനും ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ ?

<u>മറുപടി:</u> കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ് -11, KER അധ്യായം XIV A ചട്ടം 1, 7, 8 എന്നിവ പ്രകാരം, എയ്ഡഡ് സ്കൂളിലെ നിയമനം സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ബന്ധപ്പെട്ട സ്കൂൾ മാനേജർ ആണ് നടത്തുന്നത്. ഇപ്രകാരം നടത്തപ്പെടുന്ന നിയമനങ്ങൾ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നത്, KER അധ്യായം XIV A ചട്ടം 8 (2), 8 (3) പ്രകാരം അതാത് വിദ്യാഭ്യാസ ആഫീസർമാർ ആണ്. വിദ്യാഭ്യാസ ആഫീസുകളിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര അപേക്ഷകളിൽ അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം KER അധ്യായം XIV A ചട്ടം 8 (2) പ്രകാരം വിദ്യാഭ്യാസ ആഫീസർമാർ തീരുമാനം എടുക്കേണ്ടതാണ്.

ഭിന്നശേഷി സംവരണം പാലിക്കാത്തത്, അധിക തസ്തികയിൽ 1 : 1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കാൻ തയാറാവാത്തത്, മതിയായ വിദ്യാഭ്യാസ യോഗ്യതയില്ലാതെ നിയമിക്കുന്നത്, വ്യവസ്ഥാപിത തസ്തികയില്ലാതെ നിയമിക്കുന്നത്, സീനിയർ നിയമിതരുടെ അവകാശം പാലിക്കാത്തത്, കെ-ടെറ്റ് യോഗ്യതയില്ലാത്തത് മുതലായവയാണ് എയ്ഡഡ് മേഖലയിൽ നിയമന അംഗീകാരം ലഭിക്കാതെ വരുന്നതിനുള്ള പൊതു കാരണങ്ങൾ.

2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധിക തസ്തികയിലെ ഒഴിവുകളിൽ ചട്ടം പാലിക്കാതെ നിയമിക്കപ്പെട്ടവർക്ക് ഒരു പരിഹാരം എന്ന നിലയിൽ GO(P) 04/2021/GEDN തീയതി 06.02.2021 പ്രകാരം നിയമന തീയതി മുതൽ നോഷണൽ ആയും 06.02.2021 മുതൽ ശമ്പളത്തോടെയും അംഗീകാരം നൽകുന്നതിന് അനുമതി നൽകിയിരുന്നു. എയ്ഡഡ് സ്കൂളുകളിൽ 2022-23 വർഷം മുതൽ അധിക തസ്തികയിൽ നിയമനം ലഭിച്ച അധ്യാപകർക്ക് അംഗീകാരം ലഭിക്കാത്തതിന്റെ പ്രധാന കാരണം, അധിക തസ്തികകളിലെ നിയമനം അംഗീകരിക്കുന്നതിനു KER ചട്ടങ്ങൾ പ്രകാരം 1 : 1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണം എന്ന വ്യവസ്ഥ പാലിക്കാത്തതും ഭിന്നശേഷി നിയമനം നടത്താത്തതും ആണ്.

മേൽ പരാമർശിച്ച കാരണങ്ങളാൽ നിയമനം തടസ്സപ്പെട്ടിരിക്കുന്നവർക്ക് പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ചെങ്കിൽ മാത്രമേ നിയമനാംഗീകാരം ലഭിക്കുകയുള്ളൂ . ചട്ടപ്രകാരം തടസ്സങ്ങളില്ലാത്ത നിയമനങ്ങൾക്ക് വിദ്യാഭ്യാസ ആഫീസർമാർ അംഗീകാരം നൽകുന്നുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്

സെക്ഷൻ ഓഫീസർ